

smrtimandapam

# സ്മൃതിമണ്ഡപം

മൺമറഞ്ഞ സാഹിത്യനായകന്മാരെക്കുറിച്ചുള്ള
അനുസ്മരണം

വി.ആർ. മുരളീധരൻ
കെ.എ. രവീന്ദ്രൻ

മൺമറഞ്ഞ സാഹിത്യനായകന്മാരെ
അനുസ്മരിച്ചുകൊണ്ട് ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാലയിലെ സംസ്കൃതസാഹിത്യവിഭാഗം
ഒന്നരപ്പതിറ്റാണ്ടിലേറെയായി നടത്തിവരുന്ന
പ്രഭാഷണപരമ്പര. ഉദ്ദീപ്തമായ
ആചാര്യസ്മരണകളിലൂടെ നമ്മുടെ മഹത്തായ
പൈതൃകത്തെ നവീനജനതയുടെ മുമ്പിൽ
അവതരിപ്പിക്കാനുള്ള എളിയ ശ്രമം.

സ്വപ്രയത്നം ലോകത്തിനായി സമർപ്പിച്ച
മുൻതലമുറയിലെ പണ്ഡിതന്മാരെ അടുത്തറിയാനും,
അപരിചിതത്വം മൂലം അവർ നമ്മിൽനിന്നും
അകന്നുപോകാതിരിക്കാനും, അവരുടെ
പാവനസ്മരണ ആധുനികതലമുറയ്ക്ക്
വെളിച്ചമാകുന്നതിനും, അവർ ചെയ്ത
സൽപ്രവൃത്തികൾ വിലയിരുത്തപ്പെടാനും
വേണ്ടുന്നവ സ്വാംശീകരിക്കാനും, പാരമ്പര്യത്തെ
ആധുനികതയുടെ ഊർജ്ജമാക്കിമാറ്റാനും
ആഗ്രഹിച്ചുകൊണ്ടുള്ള ഉദ്യമം.
നൂതനപഠനഗവേഷണങ്ങൾക്ക്
വഴികാട്ടി ആയേയ്ക്കാവുന്ന സംരംഭം.

**സംസ്കൃതസാഹിത്യവിഭാഗം**
**ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാല, കാലടി**
**രജതജൂബിലിവർഷം : ഡിസംബർ 2017 - നവമ്പർ 2018.**

Price Rs. **475.00**

ISBN-978-93-88888-01-1

SANKARACHARYA
UNIVERSITY PRESS

ആമുഖം 9

1. **പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ** 33
പി.വി. രാമൻകുട്ടി

2. **സി.എസ്. നായർ** 39
സി. രാജേന്ദ്രൻ

3. **ടി.സി. പരമേശ്വരൻ മൂസത്** 48
വി.ആർ. മുരളീധരൻ

4. **കെ.എൻ. എഴുത്തച്ഛൻ** 67
ധർമ്മരാജ് അടാട്ട്

5. **ടി. ഗണപതിശാസ്ത്രികൾ** 82
എൻ.കെ. സുന്ദരേശ്വരൻ

6. **ഇ.വി. രാമൻ നമ്പൂതിരി** 99
കെ.എ. രവീന്ദ്രൻ

7. **പൈങ്കുളം രാമച്ചാക്യാർ** 108
ഉഷാ നങ്ങ്യാർ

8. **എസ്. വെങ്കിടകൃഷ്ണൻ** 116
സി.എം. നീലകണ്ഠൻ

9. **എം.പി. ശങ്കുണ്ണിനായർ** 132
പി.വി. രാമൻകുട്ടി

10. **ആരൂര് മാധവൻ അടിതിരി** 144
വി.ആർ. മുരളീധരൻ

11. **സ്വാമി മൃഡാനന്ദ** 159
വടക്കുമ്പാട് നാരായണൻ

12. **കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്** 174
കെ.എ. രവീന്ദ്രൻ

13. **കോട്ടയത്തുതമ്പുരാൻ** 197
എൻ. അജയകുമാർ

14. **പന്തളം കേരളവർമ്മ** 216
കെ.എസ്. രവികുമാർ

15. **ഏ.ആർ. രാജരാജവർമ്മ**
വത്സലൻ വാതുശ്ശേരി

16. **വള്ളത്തോൾ നാരായണമേനോൻ** 22
മിനി. ടി.
17. **കുട്ടികൃഷ്ണമാരാർ** 2
കെ.വി. അജിത്കുമാർ
18. **രാഘവൻ തിരുമുൽപാട്** 2
സി.കെ. രാമചന്ദ്രൻ
19. **രാഘവൻ തിരുമുൽപാട്**
എം. പ്രസാദ്

# കുട്ടികൃഷ്ണമാരാർ

## കെ.വി. അജിത്കുമാർ

നാം കവികളെ മാനിക്കണം, സാംസ്കാരികമായി നമ്മോട് കൂടുതൽ അടുപ്പമുള്ള കവികളെ വിശേഷാൽ മാനിക്കണം, ചോദ്യം ഇതിലല്ല. അവരുടെ ഭൗതികാവശേഷത്തെയോ തൽപ്രതിമയെയോ വെച്ചുപൂജിക്കുന്നതാണോ മുഖ്യം. അതുമാത്രം മതിയോ? അതൊഴികെ മറ്റെന്തുചെയ്താലും ശരിയായ മാനിയ്ക്കലാവില്ലെന്നുണ്ടോ? കവിതയെന്നത് എന്തായാലും ഭൗതികപിണ്ഡാതീതമായ ഒന്നായിരിക്കെ ആ കവിതയെ, കാവ്യത്തെ അധീതിബോധാചരണങ്ങളെക്കൊണ്ട് മാനിക്കുന്നതല്ലേ മുഖ്യം? ഇതു ചെയ്താൽ മറ്റെന്തുചെയ്തില്ലെങ്കിലും നാം ചെയ്യേണ്ടതു ചെയ്തവരാവില്ലേ? ഇതൊഴികെ മറ്റെന്തുചെയ്താലും അതൊരു മിഥ്യാചാരമായല്ലേ തീരൂ? ഭൗതികാധിഷ്ഠിതരല്ലാത്ത ഭാരതീയർക്ക് ഇതിൽ സംശയം വരുവാൻ പാടില്ല (രാജാങ്കണം, പു. 4).

ആകസ്മികമായി സംസ്കൃതമണ്ഡലത്തിൽ എത്തിച്ചേരുകയും എന്നാൽ സംസ്കൃതസൗന്ദര്യദർശനസിദ്ധാന്തങ്ങളെ ഉപയോഗിച്ചുകൊണ്ടും അവയെ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടും തന്റേതായൊരു സൗന്ദര്യനിരൂപണം കാഴ്ചവെയ്ക്കാൻ കഴിഞ്ഞ മഹദ്വ്യക്തിയാണ് കുട്ടികൃഷ്ണമാരാർ. സംസ്കൃതകാവ്യങ്ങൾക്ക് വ്യാഖ്യാനം ചമയ്ക്കുന്നത് സംസ്കൃതം പഠിക്കാനായിരിക്കണമെന്ന കൈക്കുളങ്ങരയെപ്പോലുള്ള പണ്ഡിതന്മാരുടെ അഭിപ്രായം തിരുത്തിക്കൊണ്ട് കാവ്യം അഥവാ സാഹിത്യം പഠിക്കാനായിരിക്കണമതെന്ന് മാരാർ കരുതി.

തൃപ്രങ്ങോട്ട് കിഴക്കേമാരാത്ത് ലക്ഷ്മിമാരസ്യാരുടേയും കരിക്കാട്ട്മാരാത്ത് കൃഷ്ണമാരാരുടേയും മകനായി 1900 ജൂൺ 14-ാം തിയ്യതി ജനിച്ച മാരാർക്ക് കുട്ടിക്കാലത്തുതന്നെ കുലത്തൊഴിലായ ചെണ്ടകൊട്ടിനേക്കാൾ താത്പര്യം ചിത്രകലയിലായിരുന്നു. 'എന്റെ അടിവേരുകൾ' എന്ന ലേഖനത്തിൽ മാരാർ എഴുതുന്നു: "ക്ഷേത്രങ്ങളിൽ ചെല്ലുമ്പോൾ അവിടുത്തെ വിണ്ടടർന്ന ചുവരുകളിൽ ഏറെക്കുറെ അവശേഷിച്ചിട്ടുള്ള പഴയ ചിത്രങ്ങളെ ഉറ്റുനോക്കി പോരാത്ത ഭാഗങ്ങൾ ഭാവനകൊണ്ട് ചേർത്ത് കണ്ടുരസിച്ചുനിൽക്കുകയായിരുന്നു എന്റെ ഏറ്റവും കവിഞ്ഞ കൗമാരാഹ്ലാദം. അയൽഗൃഹങ്ങളിൽ ആണ്ടുതോറും ഭഗവതിപ്പാട്ടോ വേട്ടക്കാരൻപാട്ടോ നടക്കുന്ന ദിവസങ്ങളിൽ കല്ലാറ്റക്കുറുപ്പ് കളമെഴുതുന്നത് നോക്കിനിൽപ്പാൻ തരപ്പെട്ടില്ലെങ്കിൽ എനിക്കതു വലിയൊരു നഷ്ടമാകുമായിരുന്നു. അന്നൊക്കെ എന്റെ കേൾവിയിൽ മാത്രമായിരുന്ന ഗുരുവായൂർ ക്ഷേത്രം, ഗുരുവായൂരപ്പനുള്ളതുകൊണ്ടല്ല, ചുമരുകളിൽ വളരെ നല്ല ചിത്രങ്ങളുള്ളതുകൊണ്ട് എന്റെ ഭാവനയിൽ ഒരു വൈകുണ്ഠമായിരുന്നു. അതേ, വൈകുണ്ഠംതന്നെ". (കല ജീവിതം തന്നെ, പു. 40).

**Smṛtimaṇḍapam (Essays in Malayalam)**

An outcome of the talks held in the Department of Sanskrit Sahitya, Sree Sankaracharya University of Sanskrit, Kalady as part of Smṛtimaṇḍapam programme conducted from 2002 onwards on the Sanskrit scholars of Kerala of the last centuries.

| | |
|---|---|
| Editors | : V.R. Muralidharan, Professor & Head of the Department of Sanskrit Sahitya, SSUS, Kalady<br>K.A. Ravindran, Professor of Sanskrit Sahitya & Co-ordinator of the Centre for Sanskrit-Vedic Studies, SSUS, Kalady |
| Published by | : Sree Sankaracharya University of Sanskrit, Kalady, Kerala as part of its Silver Jubilee Year Celebrations. |
| First Edition | : November 2018 |
| DTP | : channel g kalady. |
| Lay out | : agni it solutions, kunnamkulam. |
| Printing | : Sree Sankaracharya University of Sanskrit, Kalady. |
| Price | : Rs. 475.00 |


All rights reserved for
Sree Sankaracharya University of Sanskrit, Kalady, Kerala.

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.

# ടി.സി. പരമേശ്വരൻ മൂസത്

## വി. ആർ. മുരളീധരൻ

കേരളീയസംസ്കൃതപണ്ഡിതന്മാരിൽ മൗലികരചനകൾ നടത്തിയവരും തർജ്ജമയിലൂടെ സ്വകീയമഹിമ പ്രകടിപ്പിച്ചവരും വ്യാഖ്യാനസമ്പ്രദായത്തിലൂടെ ജനമനസ്സുകളിൽ സ്ഥാനം പിടിച്ചവരും ഉണ്ട്. കേരളീയവ്യാഖ്യാനങ്ങൾ പൊതുവേ ഉന്നതനിലവാരം കാത്തുസൂക്ഷിക്കുന്നവയാണ് എന്നതും പ്രസ്താവ്യമാണ്. സംസ്കൃതപഠനപദ്ധതിയിൽ പ്രാചീനരീതിയനുസരിച്ച് ആദ്യമേ സംസ്കൃതകോശഗ്രന്ഥങ്ങളിൽ ഏറ്റവും പ്രസിദ്ധമായ അമരകോശം ഹൃദിസ്ഥമാക്കുന്ന പതിവുണ്ടായിരുന്നു. അമരം ഉറച്ചാൽ പദസമ്പത്തിന്റെ കാര്യത്തിലോ അന്തലിംഗവചനാദികളിലോ കാര്യമായ സംശയങ്ങൾക്കൊന്നിനുമിടവരാറില്ല. അമരകോശത്തിന്റെ പേരുതന്നെ നാമലിംഗാനുശാസനം എന്നാണല്ലോ. ആധുനികരീതിയിലുള്ള നിഘണ്ടുക്കളുടെ സ്വഭാവമല്ല അമരകോശത്തിന്റേത്. സമാനാർത്ഥകങ്ങളായ പദങ്ങളെ ക്രമീകരിച്ച് പദ്യരൂപത്തിൽ ഹൃദ്യവും ലളിതവുമായ രീതീയിൽ ചിട്ടപ്പെടുത്തിയ അമരകോശം ആധുനികതെസോറസ് എന്ന രീതിയ്ക്ക് ഏറ്റവും പ്രാചീനവും മനോഹരവുമായ മാതൃകയാണ്. പദസമ്പത്തിൽ ഏറ്റവും മികവുറ്റ സംസ്കൃതഭാഷയ്ക്ക് മാത്രം കഴിയുന്ന രീതിയിൽ വളരെക്കുറഞ്ഞ ചിട്ടവട്ടത്തിൽ ആയിരത്തിയഞ്ഞൂറിലേറേ ശ്ലോകങ്ങളിലൂടെ രൂപപ്പെട്ട അമരകോശത്തിന്റെ മാതൃക അനന്യവും അന്യൂനവുമാണ്. മിക്കവാറും വ്യാഖ്യാതാക്കൾ നിരന്തരം ഉദ്ധരിക്കുന്ന ഏകകോശഗ്രന്ഥവും മറ്റൊന്നല്ല. കേരളത്തിലെ സംസ്കൃതപഠനത്തിലാകട്ടെ അമരകോശം ഹൃദിസ്ഥമാക്കുന്ന രീതി വളരെമുമ്പുതന്നെ നിലവിലുണ്ടായിരുന്നുതാനും.

ഇന്ത്യയിലെമ്പാടും പ്രസിദ്ധവും ഉപയോഗത്തിലുള്ളതുമായ കോശഗ്രന്ഥമായ അമരകോശത്തിനു പലകാലങ്ങളിലായി സംസ്കൃതത്തിലും പ്രാദേശികഭാഷകളിലും വളരേയേറെ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം വ്യാഖ്യാനങ്ങളിൽ ഏറ്റവും മികവുറ്റതും സമ്പൂർണ്ണവും ആധികാരികവും സമഗ്രതലസ്പർശിയുമായ വ്യാഖ്യാനം കേരളത്തിൽനിന്നും മലയാളഭാഷയിലാണ് ഉണ്ടായിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കേരളീയമായ വ്യാഖാനങ്ങളിൽതന്നെ ഏറ്റവും പ്രധാനമാണ് വാചസ്പതി ടി. സി. പരമേശ്വരൻ മൂസതിന്റെ പാരമേശ്വരിവ്യാഖ്യാനം. പാരമേശ്വരിവ്യാഖ്യാനത്തെ അടിസ്ഥാനമാക്കി പരമേശ്വരൻമൂസതിന്റെ സംസ്കൃതസാഹിത്യരംഗത്തെ സംഭാവനകളെക്കുറിച്ചുള്ള ഒരു വിലയിരുത്തലാണ് ഈ ലേഖനത്തിന്റെ മുഖ്യോദ്ദേശ്യം.

പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ പ്രധാനശിഷ്യനും അന്തേവാ

# ഇ.വി. രാമൻ നമ്പൂതിരി

കെ.എ. രവീന്ദ്രൻ

കാവ്യപ്രയോജനം, പ്രീതിയും കീർത്തിയുമെന്ന് രണ്ടുവിധമെന്നാണല്ലോ ആചാര്യോക്തി. ദൃഷ്ടപ്രയോജനവും അദൃഷ്ടപ്രയോജനവും ആകുന്ന യഥാക്രമം അവകൊണ്ടുദ്ദേശിക്കുന്നത്. ജീവിതകാലത്ത് പ്രീതിയും തദനന്തരകാലത്ത് കീർത്തിയും കവിക്ക് ലഭിക്കുന്നു എന്നാണ് ഈ ഉക്തിയുടെ അർഥം. എന്നാൽ പ്രീതിക്കു വേണ്ടുവോളം പാത്രമാവുകയും ജീവിതാനന്തരകീർത്തി വളരെക്കുറച്ചുമാത്രം ലഭിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതശ്രേഷ്ഠന്മാരും നമുക്കിടയിൽ ഉണ്ടായിരുന്നു എന്നുള്ള വസ്തുത പില്ക്കാലസാഹിത്യചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അത്തരത്തിൽപെട്ട മഹദ്വ്യക്തികളിൽ ഒരാളാണ് ഇ.വി രാമൻ നമ്പൂതിരി എന്നുപറഞ്ഞാൽ അത് വാസ്തവവിരുദ്ധമാവില്ല. വടക്കുംകൂർ രാജരാജവർമയുടെ വാക്കുകൾ ഈ അഭിപ്രായത്തിന് തെളിവേകുന്നു:

"സാഹിത്യപ്രവർത്തനത്തിന്നുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് അനേകം ഗ്രന്ഥങ്ങൾ കൈരളിക്കും ഗൈർവാണിക്കും സംഭാവനചെയ്ത രാമൻ നമ്പൂതിരിയെ ഭാഷാചരിത്രകാരന്മാർ സ്മരിക്കുകയും ആദരിക്കുകയും ചെയ്തു കാണാത്തതിൽ അദ്ഭുതം തോന്നുന്നു. മഹാകവി ഉള്ളൂരിനും, കേരളസാഹിത്യചരിത്രത്തിനും പലവിധത്തിൽ അദ്ദേഹത്തിനോട് കനമേറിയ കടപ്പാടുണ്ട്. തന്ത്രസമുച്ചയം അവതാരികയിൽനിന്നും മറ്റും അനേകം ഭാഗങ്ങൾ ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ എടുത്തുചേർത്തിരിക്കുന്നതായി കാണാവുന്നതാണ്. എങ്കിലും ആ ബൃഹദ്ഗ്രന്ഥത്തിൽ ഒരിടത്തും രാമൻ നമ്പൂതിരിയുടെ നാമം സ്മരിച്ചിട്ടില്ല ......... ഭാഷാചരിത്രകർത്താക്കന്മാരായ മറ്റു പണ്ഡിതന്മാർ നമ്പൂതിരിയോട് കൈക്കൊണ്ടിരുന്ന നിലയും ഏതദ്വിഭിന്നമല്ല. ഈ അനാദരംകൊണ്ട് അവരുടെ ഗ്രന്ഥങ്ങൾക്കല്ലാതെ നമ്പൂതിരിയുടെ സാഹിത്യത്തിന്ന് ഹാനിയോ മ്ലാനിയോ ഒന്നും തട്ടുകയില്ലെന്ന് സിദ്ധമാണ്. നിമീലയതു ലോചനേന തു തിരസ്കൃതോ ഭാനുമാൻ എന്ന കവിവാക്യത്തിലടങ്ങിയിരിക്കുന്ന തത്ത്വം എങ്ങിനെ അന്യഥാ ഭവിക്കും?" (കേരളീയസംസ്കൃതസാഹിത്യചരിത്രം-ആറാം ഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാല, കാലടി, 1997, പുറം 509, 510).

സ്മരിക്കപ്പെടാൻ അർഹനായ വ്യക്തി തീർത്തും അവഗണിക്കപ്പെട്ടുകാണുമ്പോൾ, ആ വ്യക്തിയെക്കുറിച്ചറിവുള്ള ഒരാൾക്കുണ്ടാകുന്ന മനോവ്യഥയാണ് മുൻചൊന്ന വരികളിൽ തെളിഞ്ഞുകാണുന്നത്. ഒരുപക്ഷേ സ്വാഭിപ്രായപ്രാമാണ്യത്തെപ്പറ്റിയുള്ള അതിരുകടന്ന വിശ്വാസമാകാം സമൂഹത്തിൽ നിന്നും അത്തരക്കാരെ അകറ്റിനിർത്താൻ കാരണമായത്. പ്രസ്തുതവ്യക്തി

# പൈങ്കുളം രാമച്ചാക്യാർ

ഉഷാ നങ്ങ്യാർ

നൂറ്റാണ്ടുകളായി ക്ഷേത്രകലകളായി പുലർന്നുപോന്നിരുന്ന കേരളീയ നാട്യസമ്പ്രദായമായ കൂത്ത്-കൂടിയാട്ടങ്ങളെ കാലോചിതമായ പരിഷ്കരണം വരുത്തി ജനമദ്ധ്യത്തിൽ പ്രതിഷ്ഠിച്ച മഹദ്വ്യക്തിയാണ് പൈങ്കുളം രാമച്ചാക്യാർ. ഒരുപക്ഷേ കാലത്തിന്റെ അനിവാര്യത, അതിനു കാരണക്കാരനാകാനുള്ള ജന്മനിയോഗം, അല്ലെങ്കിൽ അത് തിരിച്ചറിഞ്ഞ് പെരുമാറാനുള്ള ഹൃദയവിശാലതയും, മനോബലവും – ഇതൊക്കെയാവാം പൈങ്കുളത്തെ കൂടിയാട്ടകലയുടെ നവോത്ഥാനനായകനെന്ന ബഹുമതിക്കർഹനാക്കിയത്.

## കൂത്തും കൂടിയാട്ടവും – ഒരല്പം ചരിത്രം

ചാക്യാർകലകളെന്നു പ്രസിദ്ധികേട്ട കൂത്തും കൂടിയാട്ടവും തികച്ചും ഒരു കുലവൃത്തിയായിട്ടാണ് ക്ഷേത്രങ്ങളിൽ നൂറ്റാണ്ടുകളായി നിലനിന്നുപോന്നിരുന്നത്. കലയ്ക്ക് കുലവും ക്ഷേത്രവും ഒരുപോലെ കാവൽനിന്നു. അവതരണത്തിലെ അടുക്കും ചിട്ടയും, ശ്രദ്ധയും, നിർബ്ബന്ധങ്ങളും ഒപ്പംതന്നെ കർക്കശമായ വ്യവസ്ഥകളും ഈ കലാരൂപങ്ങളുടെ സംരക്ഷണത്തിന് ആക്കം കൂട്ടി. ജാത്യാചാരങ്ങളുമായി കലയെ ബന്ധപ്പെടുത്തിയിരുന്നതിനാൽ കുടുംബത്തിലെ എല്ലാ അംഗങ്ങളും 'ചാക്യാന്മാരാ'കാൻ നിർബ്ബന്ധിതമായി. കേരളത്തിലുണ്ടായിരുന്ന പതിനെട്ട് ചാക്യാർകുടുംബങ്ങൾക്കും ജീവിതവൃത്തി കൂത്തും കൂടിയാട്ടവും തന്നെയായിരുന്നു. അടിയന്തിരക്കൂത്തുകൾ ജീവനോപായം മാത്രമല്ലാതെ വംശാഭിമാനം എന്ന നിലയ്ക്കും അവർ കരുതലോടെ കാത്തു. ക്ഷേത്രാടിയന്തിരങ്ങൾ തങ്ങളുടെ മാത്രമാക്കി നിലനിർത്തുന്നതിന് കുടുംബങ്ങൾ തമ്മിൽ കിടമത്സരങ്ങൾപോലും ഉണ്ടായിരുന്നു. ദേവസ്വത്തിൽനിന്നും അനുവദിക്കപ്പെട്ട ഭൂസ്വത്ത് പ്രതിഫലമായി സ്വീകരിച്ച് കൂത്ത് സൂതവൃത്തിയായും, കൂടിയാട്ടം നടവൃത്തിയായും കണ്ട് തലമുറകളായി അവർ കുലധർമ്മം മുടക്കംകൂടാതെ അനുഷ്ഠിച്ചുപോന്നു. പെരുമാക്കന്മാരുടെ ഭരണകാലം കൂടിയാട്ടകലകളുടെ സുവർണ്ണകാലമായി കണക്കാക്കപ്പെടുന്നു. ഈ കലാരൂപങ്ങളുടെ ഉന്നമനത്തിന് നിരവധി സംഭാവനകൾ നല്കി പരിപോഷിപ്പിച്ച അവർ പ്രസ്തുതക്ഷേത്രകല പുറത്തുപ്രവർത്തിക്കരുത് എന്നും നിർബ്ബന്ധിച്ചിരുന്നുവത്രെ. ഇല്ലത്തുകൂത്ത്, മണ്ണാത്തിമാറ്റ്, മാടമ്പിവിളക്ക്, അശോകപ്പൂവ് എന്നിവയോടുകൂടി കൂത്ത് നടത്തേണ്ടിവന്നാൽ ചാക്യാർ തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ഒരു ദിവസത്തെ കൂത്ത് കഴിച്ച് വേഷസാധനങ്ങൾ എല്ലാം ഒരു ഭാണ്ഡമാക്കി മണ്ഡപത്തിൽ കെട്ടിത്തൂക്കി കാശിക്കുപോകണം എന്നായിരുന്നത്രെ വ്യവസ്ഥ. അത്രയും കർക്കശമായ നിയമവ്യവസ്ഥ

# ആരൂര് മാധവൻ അടിതിരി

വി. ആർ. മുരളീധരൻ

ക്രിസ്തുവിനു ശേഷം പത്താംനൂറ്റാണ്ടോടെ ആരംഭിക്കുന്ന മദ്ധ്യകാല ചരിത്രത്തിൽ കേരളത്തിൽ സംസ്കൃതത്തിനു ലഭിച്ച സ്വീകാര്യതയുടെ അളവും വളർച്ചയും വിസ്മയാവഹമാണ്. ഇന്ത്യയിൽ പൊതുവേ സംസ്കൃതം പ്രചാരലുപ്തമാകാൻ തുടങ്ങിയ പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടി ദ്രാവിഡപാരമ്പര്യത്തിലൂന്നിയ കേരളം സംസ്കൃതത്തെ നെഞ്ചിലേറ്റാൻ തുടങ്ങിയതായിക്കാണാം. ഭാരതീയഗണിതശാസ്ത്രപരമ്പര ഏതാണ്ട് അസ്തമിതപ്രായമായപ്പോളാണ് കേരളത്തിൽ സംഗമഗ്രാമമാധവനും വടശ്ശേരി പരമേശ്വരനും മറ്റും പുതുമയോടെ ഗണിതശാസ്ത്രത്തെ കാണാനും വ്യാഖ്യാനിക്കാനും പരിഷ്കരിക്കാനും ശ്രമിക്കുന്നത്. സംസ്കൃതനാടകങ്ങളുടെ വേറിട്ടതും മനോഹരവും ഉദാത്തവുമായ പ്രയോഗപദ്ധതി ശക്തിപ്രാപിച്ചതും കേരളത്തിൽ ഇക്കാലത്തുതന്നെയാണ്. സ്തോത്രകാവ്യമാർഗ്ഗത്തെ തികഞ്ഞ കാവ്യസൗന്ദര്യത്തികവോടെ വീണ്ടെടുത്തതും സന്ദേശകാവ്യങ്ങളും ചരിത്രകാവ്യങ്ങളും സംസ്കൃതത്തിൽ രചിക്കാനാരംഭിച്ചതും കൂട്ടിവായിക്കാനാവും. എന്തിനേറെ, തമിഴിൽനിന്നും വേറിടാൻതുടങ്ങിയ കൈരളി കൂടുതൽ കരുത്തുള്ള സംസ്കൃതമെന്ന താങ്ങുമരത്തിൽ പടർന്നുകയറിയതും മണിപ്രവാളത്തിലൂടെ സംസ്കൃതപദസമ്പത്തു മുഴുവനായും സ്വാംശീകരിച്ചതും ചരിത്രമാണ്. കേരളീയസംസ്കൃതപഠനം ചാക്യാർകൂത്തിന്റേപോലെ സാകാംക്ഷമായി അവതരിപ്പിക്കപ്പെട്ടതോടെ ആഖ്യാനകലയുടെ ചാരുതയോടെ അമരകോശവും സംസ്കൃതമഹാകാവ്യങ്ങളും വായിക്കപ്പെടുകയും ഹൃദിസ്ഥമാക്കപ്പെടുകയുമുണ്ടായി. സംസ്കൃതത്തിലെ മഹാഭാരതവും രാമായണവും മൂലപരിഭാഷകളിലൂടെ കേരളീയമനസ്സുകളിൽ ഇടംപിടിച്ചു. വേദപഠനപാഠനങ്ങളിലും അനന്യമായ രീതികൾ കേരളത്തിൽ ആവിഷ്കരിച്ചതായി കാണാം. സംസ്കൃതവ്യാകരണപഠനം നമ്മുടെ വ്യാകരണരചനയെപ്പോലും എത്രയോ സ്വാധീനിച്ചു എന്നതിനു നല്ല ഉദാഹരണമാണ് ഏ. ആറിന്റെ കേരളപാണിനീയം. മഹാബ്രാഹ്മണനെന്ന് ഖ്യാതിയുള്ള മേല്പുത്തൂർ നാരായണഭട്ടതിരി പതിനാറാംനൂറ്റാണ്ടിൽ സംസ്കൃതവ്യാകരണം പഠിച്ചത് ജാതിയിൽ ശൂദ്രനായ തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ അടുക്കൽ താമസിച്ചാണ് എന്ന കഥ പ്രസിദ്ധമാണ്. ഇപ്രകാരം സംസ്കൃതത്തെ കേരളത്തിൽ വേരുറപ്പിച്ചുനിർത്തുന്നതിൽ മിക്കവാറും കേരളീയപണ്ഡിതന്മാർ വളരേയേറെ നിഷ്കർഷ വെച്ചു പുലർത്തിയതായിക്കാണാം.

പതിനെട്ടാം നൂറ്റാണ്ടിലെ കേരളത്തിൽ സംസ്കൃതപഠനം മിക്കവാറും ഗുരുകുലസമ്പ്രദായത്തിലാണെങ്കിലും വിജ്ഞാനദാഹികളായ പണ്ഡിതന്മാർ

# കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്

കെ.എ. രവീന്ദ്രൻ

(ഈ ലേഖനം തയ്യാറാക്കുന്നതിന്നുവേണ്ടുന്ന കാര്യങ്ങൾ പറഞ്ഞുതന്ന ഗുരു, ദിവംഗതനായ ശ്രീ ശങ്കുണ്ണിക്കുട്ടൻമാസ്റ്റർക്കുള്ള ഉപായനം)

വിപദി ധൈര്യമഥാഭ്യുദയേ ക്ഷമാ
സദസി വാക്പടുതാ യുധി വിക്രമഃ,
യശസി ചാഭിരുചിർവ്യസനം ശ്രുതൗ
പ്രകൃതിസിദ്ധമിദം ഹി മഹാത്മനാം.

ഭർതൃഹരിയുടെ നീതിശതകത്തിലെ ഈ പദ്യം, മഹാപുരുഷൻമാരുടെ സ്വഭാവം വ്യക്തമാക്കുന്നു. ആപത്തിൽ ധൈര്യവും ഉയർച്ചയിൽ ക്ഷമയും സഭയിൽ വാക്സാമർഥ്യവും യുദ്ധത്തിൽ വീര്യവും കീർത്തിയിൽ സന്തോഷവും വേദ/ശാസ്ത്രപഠനത്തിൽ ശ്രദ്ധയും മഹാത്മാക്കളുടെ പ്രകൃതിസിദ്ധമായ ഗുണങ്ങളാണ് എന്ന് ഈ ശ്ലോകം രേഖപ്പെടുത്തുന്നു. അപ്രകാരമുള്ള മഹദ്വ്യക്തികളുടെ പട്ടികയിൽപെടുത്താവുന്ന അസാധാരണപ്രതിഭാശാലിയായിരുന്നു ഗുരുവര്യനും, വാസ്തുശാസ്ത്രനിപുണനും, ജ്യോതിഷാഗ്രേസരനും, സാഹിത്യകുതുകിയും സർവോപരി സാമൂഹ്യപരിഷ്കർതാവുമായിരുന്ന കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്. ആകാരസദൃശപ്രജ്ഞഃ[1] എന്ന് കാളിദാസൻ രഘുവംശത്തിൽ ദിലീപനെ വർണിച്ചത് അന്വർഥമാക്കുന്ന വ്യക്തിത്വത്തിന്നുടമയായിരുന്ന നമ്പൂതിരിപ്പാടിനെ, മേൽപറഞ്ഞ ഗുണഗണങ്ങളെല്ലാം അനുഗമിച്ചിരുന്നു. വിജ്ഞാനത്തിന്റെ വിവിധമണ്ഡലങ്ങളിലുള്ള അന്വേഷണശിഖരങ്ങളിലേക്ക് എത്തിച്ചേരാൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്ന വിദ്യാർഥിയായിരുന്നു നമ്പൂതിരിപ്പാട്. അദ്ദേഹത്തിന്റെ ജീവിതത്തേയും കൃതികളേയും സാമാന്യജനതക്ക് പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

## ബാല്യവും വിദ്യാഭ്യാസവും

നമ്പൂതിരിസമുദായത്തിൽ യാഥാസ്ഥിതികത്വം പ്രബലമായിരുന്ന കാലത്താണ് 1891 ഏപ്രിൽ 20ന്, കാണിപ്പയ്യൂർ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റേയും, കാളി അന്തർജനത്തിന്റേയും അഞ്ചാമത്തെ പുത്രനായി കാണിപ്പ

---

1 ആകാരസദൃശപ്രജ്ഞഃ പ്രജ്ഞയാ സദൃശാഗമഃ; ആഗമൈഃ സദൃശാരംഭഃ ആരംഭസദൃശോദയഃ-രഘുവംശം – സർഗം 1, ശ്ലോകം 15. 'ആകാരസദൃശപ്രജ്ഞൻ ആകാരംപൂണ്ട പൗരുഷം; കാണിക്കുമെന്തും കൂസാത്ത കാണിപ്പയ്യൂർ – ഒരദ്ഭുതം' എന്ന് ഒരു സഹൃദയൻ ഇദ്ദേഹത്തെ വിശേഷിപ്പിച്ചത് ഇവിടെ സ്മരിക്കുന്നു

# കോട്ടയത്തുതമ്പുരാൻ

## എൻ. അജയകുമാർ

നമ്മുടെ പഴയ പല മഹാകവികളെപ്പറ്റിയുമെന്നപോലെ കോട്ടയത്തുതമ്പുരാനെപ്പറ്റിയും ജീവചരിത്രപരമായ അറിവ് വളരെ കുറവാണ്. കൊല്ലവർഷം ഒൻപതാം ശതകത്തിൽ, അതായത് പൊതുവർഷം 1625 മുതൽ 1725 വരെയുള്ള കാലയളവിലാണ് വിദ്വാൻതമ്പുരാൻ എന്നുകൂടി പേരുള്ള, ആട്ടക്കഥാകാരനായ കോട്ടയത്തുതമ്പുരാൻ ജീവിച്ചിരുന്നതെന്ന് ഉള്ളൂർ കണ്ടെത്തുന്നു (1972:137). വാല്മീകിരാമായണം കിളിപ്പാട്ടുരീതിയിൽ രചിച്ച ഒരു കേരളവർമ്മയും ബ്രിട്ടീഷുകാരോട് ഏറ്റുമുട്ടി വീരചരമം പ്രാപിച്ച പഴശ്ശിത്തമ്പുരാനും ഈ രാജവംശത്തിലെ പ്രസിദ്ധരായ മറ്റു രണ്ടുപേരാണ്. പഴശ്ശിരാജാവ് ബ്രിട്ടീഷുകാരാൽ വധിക്കപ്പെടുന്നത് 1804-1805 കാലത്താണ്. കിളിപ്പാട്ടുകാരനായ കേരളവർമ്മ തിരുവിതാംകൂറിലേക്ക് ദത്തെടുക്കപ്പെടുകയും അവിടെവച്ച് കൊല്ലവർഷം 871-ൽ (പൊതുവർഷം 1696) ശത്രുക്കളാൽ വധിക്കപ്പെടുകയും ചെയ്തുവെന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നുണ്ട് (1972:137). പുറവഴിനാടെന്നും പുറനാടെന്നുമാണ് ഈ രാജാക്കന്മാരുടെ ആസ്ഥാനമായ വടക്കൻകോട്ടയം അറിയപ്പെടുന്നത്. പുരളീശന്മാർ എന്നും ഈ രാജാക്കന്മാരെ വിശേഷിപ്പിക്കാറുണ്ട്. പുറവഴി, പുറനാട് മുതലായ പദങ്ങൾ, ഇവർ ഏതോ കാലത്ത് പരദേശത്തുനിന്നു വന്നവരാകാമെന്ന സൂചന നല്കുന്നു. പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരും കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിലും സാഹിത്യചരിത്രത്തിലും സവിശേഷസ്ഥാനമുള്ളവരുമായ ഏതാനും രാജകുടുംബാംഗങ്ങളിൽ ഒരാളാണ് ആട്ടക്കഥാകർത്താവായ കോട്ടയത്തുതമ്പുരാനെന്നു പറയാം.

കോട്ടയത്തുതമ്പുരാനെപ്പറ്റിയും ചില ഐതിഹ്യങ്ങൾ പ്രചരിക്കുന്നുണ്ട്. ഐതിഹ്യങ്ങൾ ചരിത്രമല്ല. ഒരു വ്യക്തിയെക്കുറിച്ചും അയാളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമെല്ലാം ഒരു സമൂഹം നിർമ്മിക്കുന്ന ഭാവനാത്മകചിത്രങ്ങളാണവ. എഴുത്തുകാരെക്കുറിച്ച് രൂപപ്പെട്ടുവരുന്ന ഐതിഹ്യങ്ങൾ ഒരർത്ഥത്തിൽ അവരുടെ സാഹിത്യത്തിന്റെ ആസ്വാദനവും വിലയിരുത്തലും ആണെന്നു പറയാം. അതുകൊണ്ട് കണിശമായ അർത്ഥത്തിൽ ചരിത്രമല്ലെന്നു വന്നാലും അവയുടെ ചരിത്രപരമായ മൂല്യം കുറയുന്നില്ല. വൈലോപ്പിള്ളി പറയുന്നതുപോലെ ഒരു ജനതയുടെ "ഹൃദയനിമന്ത്രിതസുന്ദരതത്ത്വം" അവയിലുണ്ടാകാം.

ഈ തമ്പുരാൻ കുട്ടിക്കാലത്ത് ഒരു മന്ദബുദ്ധിയായിരുന്നുവത്രെ. യാതൊന്നും ഗ്രഹിക്കാനുള്ള ശക്തിയില്ലാത്തതുകൊണ്ട് പഠിപ്പിക്കാൻ വന്ന ഗുരുക്കന്മാരൊക്കെ മടുത്തുപിന്മാറി. അമ്മയ്ക്ക് ഇതിൽ വലിയ ദു:ഖമായി. അങ്ങ

# എ.ആർ. രാജരാജവർമ്മ

## പ്രസ്ഥാനമായി മാറിയ വ്യക്തി

വത്സലൻ വാതുശ്ശേരി

മലയാളഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും വേണ്ടി ജീവിതം സമർപ്പിച്ച അനേകം വ്യക്തികളെ ചരിത്രത്തിൽ നമുക്ക് കണ്ടെത്താൻ കഴിയും. അക്കൂട്ടത്തിൽ ഭാഷയുടെയും സാഹിത്യത്തിന്റെ മിക്ക മേഖലകളിലും ഇടപെടുകയും ആ മേഖലകളിലെ ഭാവുകത്വനവീകരണങ്ങൾക്ക് നേതൃത്വം നൽകുകയും അവയ്ക്ക് താത്ത്വികമായ അടിയുറപ്പുനൽകുന്നതിനു വേണ്ടി നിരന്തരം അദ്ധ്വാനിക്കുകയും ചെയ്തുകൊണ്ട് സ്വയം ഒരു പ്രസ്ഥാനമായി മാറിയ ഭാഷാസേവകനാണ് എ. ആർ. രാജരാജവർമ്മ (1863-1918). കവി, വിമർശകൻ, വ്യാഖ്യാതാവ്, സാഹിത്യസൈദ്ധാന്തികൻ, വൈയാകരണൻ, നാടകകൃത്ത്, കാവ്യമീമാംസകൻ, അദ്ധ്യാപകൻ എന്നിങ്ങനെ ഒരേ സമയം അനേകരംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കാൻ കഴിഞ്ഞ ഒരു ബഹുമുഖപ്രതിഭയായിരുന്നു അദ്ദേഹം. കേരളത്തിന്റെ ആധുനികീകരണപ്രക്രിയയിൽ അദ്ദേഹം പങ്കുചേർന്നത് ഭാഷാസംബന്ധിയായ ഒട്ടേറെ സംഭാവനകൾ നൽകിക്കൊണ്ടാണ്. അദ്ദേഹം തുടങ്ങിവെച്ച ഭാവുകത്വശീലങ്ങളും സൈദ്ധാന്തികവിചാരങ്ങളും ഇന്നും ഭാഷാസാഹിത്യപഠനങ്ങൾക്ക് ആധാരമായി നിലനിൽക്കുന്നു എന്നത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയും ചിന്തയുടെയും സാർവ്വകാലികതയെ ഉദാഹരിക്കുന്നുണ്ട്. എങ്ങനെയാണ് ഈ രീതിയിൽ അദ്ദേഹം ചരിത്രത്തിലും സാഹിത്യചരിത്രത്തിലും സ്ഥാനപ്പെട്ടത് എന്ന ഒരന്വേഷണമാണ് ഈ പ്രബന്ധത്തിൽ നടത്തുന്നത്.

എ. ആർ. രാജരാജവർമ്മയുടെ ബാല്യയൗവനകാലങ്ങൾ യഥാർത്ഥത്തിൽ കേരളത്തിന്റെ ആധുനികീകരണപ്രക്രിയയുടെ കാലമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക, ബൗദ്ധികമണ്ഡലങ്ങളിൽ ഒട്ടേറെ പരിവർത്തനങ്ങൾ സംഭവിക്കുന്നുണ്ട്. ഉത്പതിഷ്ണുക്കളായ രാജഭരണാധികാരികളും ബ്രിട്ടീഷ്ഭരണത്തിന്റെ ഇടപെടലുകളും തിരുവിതാംകൂറിന്റെ വിദ്യാഭ്യാസസാംസ്കാരികമേഖലകളിൽ ഒട്ടേറെ പരിവർത്തനങ്ങൾക്ക് വഴിവെയ്ക്കുകയുണ്ടായി. ഈ മാറ്റങ്ങൾ അതിന്റെ ഉച്ചസ്ഥിതിയിലേയ്ക്ക് കയറിക്കൊണ്ടിരുന്ന ഒരു കാലത്താണ് എ. ആർ. ജനിക്കുന്നത്. മാറുന്ന കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് അന്നത്തെ നിലയ്ക്ക് തികച്ചും വിപ്ലവകരമായ ഒട്ടേറെ കാര്യങ്ങൾ എ. ആർ. നടപ്പിലാക്കുകയുണ്ടായി. വിദ്യാർത്ഥിയായിരിക്കെത്തന്നെ കുടുമ മുറിച്ചു. സർക്കാർ ജോലി സ്വീകരിച്ചു. ബിരുദപഠനത്തിനായി അദ്ദേഹം തിരഞ്ഞെടുത്തത്

# വള്ളത്തോൾ നാരായണമേനോൻ

മിനി ടി.

'ആശാനാശയഗംഭീരൻ, വള്ളത്തോൾ വാക്യസുന്ദരൻ, ഉള്ളൂരുജ്ജ്വല ശബ്ദാഢ്യൻ....'' കവിത്രയത്തിലെ കവികളെ താരതമ്യംചെയ്യുന്ന വരികളാണിവ. നൂതനാശയങ്ങളുടെ ഗാംഭീര്യംകൊണ്ട് കേരളത്തിന്റെ നവോത്ഥാന കാലത്തെ ഉജ്ജ്വലമാക്കിയ കുമാരനാശാൻ എന്ന സുവർണതാരകത്തിനും, ഉജ്ജ്വലശബ്ദപ്രയോഗങ്ങൾകൊണ്ട് ഭാഷക്ക് ഒരു പുതുമാനം നൽകിയ ഉള്ളൂർ എസ്. പരമേശ്വര അയ്യർക്കും ഇടയിൽ, സുന്ദരമായ വചനചാരുത കൊണ്ട് കൈരളിയെ അർച്ചിച്ച വള്ളത്തോൾ നാരായണമേനോൻ പലതു കൊണ്ടും വ്യത്യസ്തനായിരുന്നു. സമകാലികരായ ഇവരുടെ കാലത്തെ പ്രൊഫ. കെ.പി. ശങ്കരൻ വിലയിരുത്തുന്നതു നോക്കാം (വള്ളത്തോൾ കവിതകൾ, ഡി. സി. ബുക്ക്സ്, 2003).

''പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മലയാളസാഹിത്യത്തിൽ പല പുതിയ ഉദയങ്ങൾക്കും ഉത്തേജകമായി. തിരുവിതാംകൂർ, കൊച്ചി എന്നീ രണ്ട് നാട്ടുരാജ്യങ്ങളും പിന്നെ പഴയ മദിരാശിസംസ്ഥാനത്തിന്റെ ഭാഗമായി കിടന്ന മലബാറും-ഇങ്ങനെ മൂന്നുമുറിയായിരുന്നല്ലോ അന്നത്തെ കേരളത്തിന്. സാംസ്കാരികപുനരുദ്ധാനത്തിനു സഹായകമാംവണ്ണം പുതിയ വിദ്യാഭ്യാസം വ്യാപകമായി പ്രചരിക്കുകയായിരുന്നു എന്നതത്രേ, ചരിത്രത്തിന്റെ കണ്ണിൽ ഈ കാലത്തെ വ്യാവർത്തകമായ ചലനം. ഈ പ്രചാരം താരതമ്യേന കുറഞ്ഞ മലബാറിലായിപ്പോയി വള്ളത്തോളിന്റെ പിറവി. സ്വാഭാവികമായി സമകാലികരായ ആശാനെയും ഉള്ളൂരിനെയുംപോലെ ആംഗലവിദ്യാഭ്യാസം ഔപചാരികമായി ഉൾക്കൊള്ളാൻ അദ്ദേഹത്തിനു സന്ദർഭം ഉണ്ടായില്ല''. പക്ഷേ പില്ക്കാലത്തു സ്വപരിശ്രമത്താൽ അദ്ദേഹം അത്തരം അറിവുകളെ സ്വായത്തമാക്കിയതായും പ്രൊഫ. കെ.പി. ശങ്കരൻ രേഖപ്പെടുത്തുന്നു. നവോത്ഥാനകാലഘട്ടത്തിലെ ഭാരതീയസാഹിത്യശില്പികളിൽ അഗ്രഗണ്യനായിരുന്നു വള്ളത്തോൾ എന്ന് ഒ.എൻ.വി. കുറുപ്പ് അഭിപ്രായപ്പെടുന്നു (വള്ളത്തോൾകവിതകൾ, ഡി.സി. ബുക്സ് 2003). നവോത്ഥാനത്തിനും, ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചക്കും സ്വാതന്ത്ര്യപ്രാപ്തിക്കും നവകേരളപ്പിറവിക്കും ഒരുപോലെ സാക്ഷ്യം വഹിക്കാൻ കഴിഞ്ഞ അതിധന്യമായ ജീവിതം എന്നും ഒ.എൻ.വി. തുടർന്ന് രേഖപ്പെടുത്തുന്നു.

മലബാറിലെ വെട്ടത്തുനാട്ടിലാണ് അദ്ദേഹം ജനിച്ചത്. ഇന്നത്തെ പൊന്നാനിയിൽ മംഗലം ദേശത്ത് വള്ളത്തോൾഗൃഹത്തിൽ. അച്ഛൻ കുറുങ്ങോട്ട് മല്ലിശ്ശേരി ദാമോദരൻ ഇളയത്. അമ്മ വള്ളത്തോൾ കുട്ടിപ്പാറുഅമ്മ. 1878 ഒക്ടോബർ 16 ന് ആണ് ജനനം. നാട്ടെഴുത്തച്ഛനിൽനിന്നും പ്രാഥമികവിദ്യാ